# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2416** **12-12-2022 - ൽ മറുപടിയ്ക്ക്**

## ബി.പി.എൽ. വിഭാഗം റേഷൻ കാർഡിനുള്ള മാനദണ്ഡങ്ങളിൽ അപാകത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന റേഷൻ കാർഡ് നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങളിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വീടിന്റെ വിസ്തീർണ്ണം, നാലു ചക്ര വാഹനം എന്നീ മാനദണ്ഡപ്രകാരം റേഷൻ കാർഡ് നൽകിയപ്പോൾ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന നിരവധി കുടുംബങ്ങൾ പ്രസ്തുത പട്ടികയിൽ നിന്ന് പുറത്തായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ആയിരം സ്ക്വയർ ഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരും നാലുചക്രവാഹനം (ഏക ഉപജീവനമാർഗ്ഗമായ ടാക്സി ഒഴികെ) സ്വന്തമായുള്ളവരും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാൻ അയോഗ്യരാണ്. ഇപ്രകാരം ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നതും എന്നാൽ സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ, ഭിന്നശേഷി, ഗുരുതര രോഗബാധ തുടങ്ങി പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച്, ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം. 319/2020/ ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ